കാലിക്കറ്റ് സർവകലാശാല

**രണ്ടാം സെമസ്റ്റർ**

കോമൺ കോഴ്സ്

ബികോം / ബിബിഎ

# മലയാള സാഹിത്യ പഠനം – 2

# MAL2 A 08 (1)

പഠന സമയം 80 മണിക്കൂർ

ക്രെഡിറ്റ് – 4

പഠനക്കുറിപ്പുകൾ

തയ്യാറാക്കിയത് :

**രസിത കാവുങ്ങൽ**

അസിസ്റ്റന്റ് പ്രൊഫസർ

മലയാള വിഭാഗം

**സി പി എ കോളേജ് ഓഫ് ഗ്ലോബൽ സ്റ്റഡീസ്**

പുത്തനത്താണി.

**ഉദ്ദേശലക്ഷ്യങ്ങൾ:**

വാണിജ്യ വിദ്യാർത്ഥികൾക്ക് ആധുനിക കവിത കഥ ചരിത്ര നാടകം ആത്മകഥ ജീവചരിത്രം തുടങ്ങിയവയിൽ സാഹിത്യ അഭിരുചി വളർത്തിയെടുക്കുകയും സാമാന്യ ധാരണ സ്വന്തം നിരീക്ഷണങ്ങൾ ഇവ മലയാള സാഹിത്യത്തിൽ വളർത്തിയെടുക്കുകയും ചെയ്യുക.

**മൊഡ്യൂൾ - 1**

**കവിതകൾ**

1. എന്റെ ഭാഷ - വള്ളത്തോൾ നാരായണ മേനോൻ
2. മഴുവിന്റെ കഥ – ബാലാമണിയമ്മ
3. സഫലമീ യാത്ര - എൻ

**മൊസ്യൂൾ - 2**

**കഥകൾ**

1. ബംഗ്ലാവ് - ടി വി കൊച്ചുബാവ
2. ദുഷ്യന്തൻ മാഷ് - വി കെ എൻ
3. തായ്കുലം - സാറാ ജോസഫ്
4. മോദസ്ഥിതനായങ്ങു വസിപ്പൂ മല പോലെ - എസ് ഹരീഷ്

**മൊഡ്യൂൾ-3**

**നാടകം**

1. സാകേതം - സി എൻ ശ്രീകണ്ഠൻ നായർ.

**മൊഡ്യൂൾ - 4**

**ആത്മകഥ / ജീവചരിത്രം**

1. ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മ - ഒ വി വിജയൻ
2. ഷാരോണിലെ റോസാപ്പൂക്കൾ - വൈക്കം ചന്ദ്രശേഖരൻ നായർ
3. പാവക്കുട്ടി - മാധവിക്കുട്ടി .

## 1.എന്റെ ഭാഷ

**വള്ളത്തോൾ നാരായണ മേനോൻ .**

- ആധുനിക മലയാള കവിത്രയത്തിൽ ശബ്ദ സുന്ദരനായിരുന്നു വള്ളത്തോൾ നാരായണ മേനോൻ .
- കലാമണ്ഡലത്തിന്റെ സ്ഥാപകൻ.
- ചെറുപ്പം തൊട്ടേ കഥകളിയോട് കമ്പം ഉള്ള ആളായിരുന്നു വള്ളത്തോൾ.
- സാഹിത്യം എഴുത്ത് ഇവയുമായി നല്ല ബന്ധം സ്ഥാപിച്ചു.
- വിവർത്തകൻ എന്ന നിലയിൽ അഗ്രഗണ്യനാണ്.
- അങ്ങനെയാണ് കേരള വാത്മീകി എന്ന പേര് ലഭിച്ചത്.
- വാക് ദേവതയുടെ പുരുഷാവതാരമായിട്ടാണ് കുട്ടികൃഷ്ണമാരാർ വള്ളത്തോളിനെ വിശേഷിപ്പിച്ചത്.
- കേരള കലാമണ്ഡലത്തിന്റെ കഥകളിയുടെ സമുദ്ധർത്താവ് എന്ന നിലയിൽ കേരള ടാഗോർ എന്നും വള്ളത്തോൾ അറിയപ്പെട്ടു.
- മഹാകാവ്യം ഖണ്ഡകാവ്യം ലഘുകാവ്യങ്ങൾ ആട്ടക്കഥ വിവർത്തനം തുടങ്ങി ബൃഹത്തായ കാവ്യലോകം വള്ളത്തോൾ സൃഷ്ടിച്ചു.
- 1908 ൽ എഴുതിയ കവിതയാണ് ബധിരവിലാപം സ്വന്തം അനുഭവമാണ് അത്.




- 1924 ൽ വൈക്കം സത്യാഗ്രഹസമയത്ത് ഗന്ധിയെ നേരിൽ കണ്ടു. ആരാധനയും ഉണ്ടായിരുന്നു.
- ഗാന്ധിയെ ഗുരുനാഥനായി കണ്ട് എഴുതിയ കവിതയാണ് എന്റെ ഗുരുനാഥൻ

- ഗാന്ധിയുടെ മരണത്തിൽ ദു:ഖിച്ചെഴുതിയ കാവ്യമാണ് ബാപ്പുജി .
- 1935 ൽ എഴുതിയ കാവ്യമാണ് സാഹിത്യമഞ്ജരി.
- അതിലെ ഏഴാമത്തെ ഭാഗമാണ് എന്റെ ഭാഷ
- മനുഷ്യ ജീവിതത്തിൽ മാതൃഭാഷയുടെ പ്രാധാന്യവും അറിവ് നേടിയവർ ഭാഷയുടെ നിലനിൽപിന് എന്ത് ചെയ്യണം.
- തുടങ്ങിയ കാര്യങ്ങൾ ഓർമ്മിപ്പിക്കുകയാണ് കവി.
- ഗംഭീരശൈലിയുള്ളതും സഹ്യപർവതം പോലെ ഇളകാത്ത അടിയുറപ്പുള്ളതും ആണ് ഭാഷ.
- ഗോകർണ ക്ഷേത്രം ദർശിച്ചാൽ നമുക്ക് കിട്ടുന്ന ഒരു നിർവൃതി ഭാഷയിൽ ഉണ്ട്.
- കന്യാകുമാരി ദേവിയുടെ പ്രസന്ന ഭാവവും ഭാഷയിൽ ഉണ്ട്.
- ആ ഭാഷക്ക് ഗംഗയുടെയും പെരിയാറിന്റെയും വിശുദ്ധിയും ഇളനീരിന്റെ മാധുര്യവും ചന്ദന ഗന്ധവും സംസ്കൃതത്തിന്റെ ഓജസും തമിഴിന്റെ സൗന്ദര്യവും ഉണ്ട്.
- ആ ഭാഷയിൽ നമുക്ക് അഭിമാനിക്കാം.
- ആദ്യാക്ഷരം സംസാരിക്കാൻ ശ്രമിക്കുന്ന പിഞ്ചുകുഞ്ഞ് അതിന്റെ ചുണ്ടിലുള്ള അമ്മിഞ്ഞ പാല് പോലെ അമ്മ എന്ന രണ്ടക്ഷരമാണ് ആദ്യം പറയുന്നത്.
- മാതൃഭാഷ പെറ്റമ്മക്ക് തുല്യമാണ്.
- മറ്റ് ഭാഷകൾ എല്ലാം ധാത്രിമാർ (പോറ്റമ്മ ) ആണ് .
- അമ്മയുടെ അമ്മിഞ്ഞ പാല് കുടിച്ച് വളരുന്ന കുട്ടിക്ക് മാത്രമേ പൂർണ വളർച്ച ലഭിക്കു

- ഏതൊരു ഭക്ഷണവും അമ്മയുടെ കൈ കൊണ്ട് കിട്ടുമ്പോൾ നമുക്കത് അമൃതിന് തുല്യമാണ്.




- ഏതൊരു വേദവും ശാസ്ത്രവും കാവ്യവും നമുക്ക് മനസ്സിലാകണമെങ്കിൽ നമ്മുടെ മാതൃഭാഷയിലൂടെ തന്നെ കേൾക്കണം.
- അവ ഹൃദയത്തിൽ ഔഷധമായ തേൻ പോലെ ചേർന്ന് നിൽക്കും.
- എന്നാൽ മറ്റുള്ളവ പുറമേക്ക് മാത്രം പ്രാധാന്യം നൽകും.
- മിന്നി നിൽക്കുന്ന തൂമുത്തുകൾ അവ എപ്പോൾ വേണമെങ്കിലും പൊഴിയും.
- മോഡിക്ക് വേണ്ടിയാണ് അന്യ ഭാഷകൾ എന്നർത്ഥം.
- ആദ്യകാവ്യമായ രാമായണവും പഞ്ചമവേദം എന്നറിയപ്പെടുന്ന മഹാഭാരതവും
- നീതിപ്പൊരുളിയ ചാണക്യ സൂത്രങ്ങളും ഭാരതീയ തത്വചിന്ത ലോകത്തിന് നൽകിയ വലിയ സംഭാവനയായ 108 ഉപനിഷത് കളും എല്ലാം മലയാളത്തിലൂടെയാണ് ആവിഷ്ക്കരിക്കപ്പെട്ടത്.
- അങ്ങനെയുള്ള നമ്മുടെ ഭാഷ പാടവഹീന (കഴിവ് കെട്ടവൾ) എന്ന് എങ്ങനെ പറയും.
- വ്യത്യസ്തങ്ങളായ ചിന്താധാരകൾ കൊണ്ട് നമ്മുടെ ഭാഷയെ പരിപോഷിപ്പിക്കണം.
- അറിവില്ലായ്മ കൊണ്ടുള്ള ഇരുട്ടിൽ നിന്ന് കരകയറാൻ മാതൃഭാഷയാകുന്ന പിടിവള്ളി കൊണ്ട് മാത്രമേ സാധിക്കൂ.
- സ്വന്തം ഭാഷയുടെ കഴിവ് നമ്മുടെ കയ്യിലാണ്
- അതിനെയാണ് നാം പോഷിപ്പിക്കേണ്ടത്.

- ഭാഷയുടെ അഭിവൃദ്ധിയിലൂടെ രാജ്യം വളരും.
- നമ്മുടെ ഭാഷയുടെ പാരമ്പര്യമാണ് ഇനി പറയുന്നത്.
- മലയാള ഭാഷക്ക് തോഴിയാണ് വിൺ മൊഴിയായ സംസ്കൃതം.
- ഇത് പണ്ട് തൊട്ടേ കൂടെയുണ്ട്.
- അന്യ രാജ്യങ്ങളിൽ നിന്ന് ധാരാളം ആളുകൾ ഇവിടേക്ക് വിദ്യാധനം നേടാനെത്തി.
- നേടിയവർ ഇന്നും ഇവിടെ ഉണ്ട്.
- ഇത്രയൊക്കെ മക്കൾ ഉണ്ടായിട്ടും മലയാള ഭാഷ ദരിദ്രയെന്ന് വിളിക്കുന്നത് ഉചിതമല്ല.
- കവി ഇവിടെ ആശ്ചര്യപ്പെടുകയാണ്.
- ഇംഗ്ലീഷ് ഭാഷയാകുന്ന കടലിൽ മുങ്ങിയിരിക്കാൻ താത്പര്യമുള്ളവരോട് കവി പറയുകയാണ്.
- അന്യഭാഷയാകുന്ന കടലിൽ നിന്ന് ലഭിക്കുന്ന രത്നങ്ങൾ സ്വന്തം മാതാവിന് വേണ്ടി പ്രയോഗിക്കൂ എന്ന്.




- എത്ര സമ്പാദിച്ചാലും വലിയവനായാൽ പെറ്റമ്മയെ മറക്കുന്നത് നോക്കാതിരിക്കുന്നത് വലിയ തെറ്റാണ്.
- അങ്ങനെ ചെയ്യാതിരുന്നാൽ നേടിയ ക്യാം പാഴായി മാറും.
- മലയാളമാകുന്ന സൽ ഗ്രന്ഥ ക്ഷുത്തിനെ (വിശപ്പ് ) ശമിപ്പിക്കാൻ ആയില്ലെങ്കിൽ നമ്മുടെ ഭാഷ കുചേലന്റെ ഭാര്യയെ പോലെ വിശന്നിരിക്കും.
- നമ്മുടെ മക്കൾ ഇന്ന് ധർമ്മം മറന്ന് ജീവിക്കുന്നത് കണ്ട് ലജ്ജയും ദു:ഖവും ഉണ്ടാക്കുന്നു.
- അമ്മയെ നോക്കേണ്ടത് സംരക്ഷിക്കേണ്ടത് മക്കളുടെ കടമയാണ്.

- അമ്മയുടെ മുന്നിൽ നാം മടിച്ച് നിൽക്കാതെ തല കുനിക്കുക തന്നെ വേണം.
- അങ്ങനെയുള്ള തല എവിടേയും ഉയർന്ന് തന്നെ നിൽക്കും.
- മടിയെ മാറ്റി നിർത്തി നെറ്റിയിൽ പൊടിയുന്ന വിയർപ്പിനാൽ ഭാഷാപോഷണത്തിനുള്ള ശ്രമങ്ങൾ നടത്തണം.
- നാളെ മുതൽ കേരളത്തിലേക്ക് അറിവ് തേടി എത്തുന്നവരുടെ വർദ്ധനവ് ഉണ്ടാകും.
- ഒഴിഞ്ഞ ഭാണ്ഡം നിറച്ചിട്ട് അവർ തിരിച്ച് പോകും.
- നൽകണമെങ്കിൽ നാം ആദ്യം സമ്പാദിച്ച് വക്കുക തന്നെ വേണം.
- നമ്മുടെ വിവർത്തനവും ശാസ്ത്രവും വളരണം എന്നാൽ മാത്രമേ നൽകാനും പകരുനും കഴിയൂ.
- കവിയുടെ ക്രാന്തദർശിത്വം ഓരോ വരികളിലും നമുക്ക് കാണാം.

……………………………………………………………………
……………………………………………………………………

## 2.മഴുവിന്റെ കഥ


## ബാലാമണിയമ്മ

- പ്രശസ്ത സാഹിത്യകാരി മാധവിക്കുട്ടിയുടെ അമ്മയാണ് ബാലാമണിയമ്മ.
- 1909 ജൂലൈ 19 ന് തൃശ്ശൂരിലെ നാലപ്പാട്ടിൽ ജനിച്ചു. 2004 സെപ്റ്റംബർ 29 ന് അന്തരിച്ചു.
- മാതൃത്വത്തിന്റെ കവയത്രിയായിരുന്നു ബാലാമണിയമ്മ.
- കൂപ്പുകൈ, അമ്മ ,കുടുംബിനി , സ്ത്രീ ഹൃദയം, നിവേദ്യം, അമൃതംഗമയ, മുത്തശ്ശി തുടങ്ങി ധാരാളം കൃതികൾ എഴുതിയിട്ടുണ്ട്.
- കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, സരസ്വതീ സമ്മാൻ , എഴുത്തച്ഛൻ പുരസ്ക്കാരം, പത്മഭൂഷൺ എന്നീ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.



- ഹിംസയില്ലാത്ത നാടുണ്ടാക്കാൻ ശ്രമിച്ച പരശുരാമന്റെ കഥയാണ് ഇവിടെ കവിതയിൽ പറയുന്നത്.
- 1956 ൽ ആണ് ഈ കവിത എഴുതിയത്. കേരള സംസ്ഥാനം പിറന്ന അതേ വർഷത്തിൽ തന്നെ.
- പരശുരാമന്റെ മനോവികാരങ്ങളിലൂടെ കടന്ന് പോകുന്ന രീതിയിലാണ് അവതരണം.
- പ്രാചീന കേരളത്തെയും ഇന്നത്തെ അവസ്ഥയേയും കവയിത്രി നേർചിത്രമാക്കി മാറ്റിയിരിക്കുന്നു.
- എല്ലാവരാലും തിരസ്ക്കരിക്കപ്പെടുന്ന പരശുരാമന്റ മനോഗതി വളരെ ആഴത്തിൽ ഹൃദ്യമായി ഇതിൽ അവതരിപ്പിച്ചു.
- മാതൃ നിഷേധം ഏറ്റവും ക്രൂരമാണെന്നും ധർമ്മലോപമാണെന്നും കവിതയിൽ പറയുന്നു.

- പിതാവിനോടുള്ള സ്നേഹത്താൽ മാതാവിനെ നിഗ്രഹിച്ച പുത്രൻ ആണ് പരശുരാമൻ.
- ജമദഗ്നി മഹർഷിയുടെയും രേണുകയുടെയും അഞ്ചാമത്തെ പുത്രനായിരുന്നു പരശുരാമൻ.
- പാതിവ്രത്യം പാവനമായി കണ്ട രേണുക ഒരിക്കൽ ഗന്ധർവൻമാർ പ്രേമലോലരായി നീരാടുന്നത് കണ്ടു.
- ആ കാഴ്ച നോക്കി നിന്ന ഭാര്യ വലിയ തെറ്റാണ് ചെയ്തത് അതിനാൽ അവളെ വധിക്കാൻ മഹർഷി ആജ്ഞാപിച്ചു.
- നാല് മക്കളും അച്ഛനെ അനുസരിച്ചില്ല. പരശുരാമൻ അച്ഛൻ പറഞ്ഞത് അനുസരിച്ചു.മഴു കൊണ്ട് അമ്മയുടെ ശിരസ്സ് അറുത്തു.
- സന്തോഷവാനായ പിതാവ് പരശുരാമന് എന്ത് വരമാണ് വേണ്ടത് എന്ന് ചോദിച്ചു.



ബാലാമണിയമ്മ (മറക്കൂ മറക്കൂ)


- തന്റെ അമ്മ എന്നും പതിവ്രതയായി അച്ഛന്റെ മനസ്സിൽ ഉണ്ടാകണം എന്നാണ് മകൻ ആവശ്യപ്പെട്ടത്.
- മാതാവിനെ വധിച്ചതിലൂടെ ഒരു വംശത്തിന്റെ മുഴുവൻ അധാർമ്മികതയും ആത്മ വിശുദ്ധിയാകുന്ന ധനനഷ്ടവും കവിതയിൽ തെളിയുന്നു.
- തപ: ശക്തിയും വിദ്യയും ലോക നൻമക്ക് ഉപയോഗപ്രദമാകണം എന്ന പ്രഖ്യാപനമാണ് ഈ കവിതയിൽ കവയിത്രി നൽകുന്നത്.

…………………………………………………………………………
…………………………………………………………………………

## 3.സഫലമീ യാത്ര


### എൻ എൻ കക്കാട്

- നാരായണൻ നമ്പൂതിരി കക്കാട് എന്നാണ് മുഴുവൻ പേര്.
- 1927 - 1987 ആണ് ജീവിത കാലഘട്ടം.
- അർബുദരോഗം ബാധിച്ച് കഴിയുന്ന സമയത്തെ ഓർമ്മയാണ് ഇതിൽ ഉള്ളത്.
- 1981 ഡിസംബറിൽ സഫലമീ യാത്ര ആകാശവാണിയിൽ പ്രക്ഷേപണം ചെയ്തിരുന്നു.
- സംസ്കൃത ഭാഷയിൽ പണ്ഡിതനായിരുന്നു കക്കാട്.
- അധ്യാപകനായിരിക്കെ ആകാശവാണിയിൽ ഡയറക്ടറായും ജോലി ചെയ്തു.
- പ്രശസ്ത നോവലിസ്റ്റായ ശ്രീദേവിയാണ് ഭാര്യ.



- സഫലമീ യാത്ര പ്രസിദ്ധീകരിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ അദ്ദേഹം ഈ ലോകത്തോട് യാത്ര പറഞ്ഞു.
- അർബുദ രോഗത്തെ ധൈര്യത്തോടെയാണ് കവി നേരിട്ടത്.
- മനസ്സ് തളർന്ന ഭാര്യക്ക് കരുത്ത് നൽകുന്ന ഭർത്താവായി കവി മാറുന്നു.
- തന്നെ മൂടാൻ വരുന്ന മരണത്തെ കവി മന്ദസ്മിതത്തോടെ എതിരേൽക്കുകയാണ്.
- കവിതന്റെ ഭാര്യയോട് പറയുകയാണ്. ഇത് ധനുമാസമാണ്.
- ആർദ്രതയുള്ള ഈ മാസത്തിലാണ് തിരുവാതിര വരുന്നത്.
- ധനുമാസത്തിരുവാതിരക്ക് വളരെ പ്രാധാന്യം ഉണ്ട്.
- ശിവപാർവതിമാരെ പോലെ സ്നേഹമുള്ള ദമ്പതികളാവാൻ നോവെടുക്കുന്ന ദിനം.

- ഒരുമിച്ചാണ് ഇവരത് ആഘോഷിച്ചത്. ഇപ്പോൾ ജനലഴി പിടിച്ച് ഒന്ന് നിവർന്ന് നിൽക്കാൻ ഭാര്യയുടെ താങ്ങ് വേണം.
- പഴങ്കൂടായി മാറിയ കവി ഒന്ന് ചുമച്ചാൽ ഇടറി വീഴാൻ സാധ്യതയുണ്ട്.
- കുറേ നാളുകൾക്ക് ശേഷം ഇന്ന് വേദന കുറവുണ്ട്.
- പഴയ ഓർമ്മകളിലേക്ക് കവി സഞ്ചരിക്കുകയാണ്.
- ഭാര്യയോട് ഊന്നുവടിയായി കൂടെ നിൽക്കാൻ ആവശ്യപ്പെടുന്നു.
- ആശുപത്രി മുറിയിൽ മരുന്നിന്റെ മണത്തിൽ ആളുകളുടെ സ്പർശനത്തിൽ മാത്രമേ തിരിച്ചറിവ് ഉണ്ടായത്.
- പ്രയാസപ്പെട്ട് കഴിഞ്ഞ ആദിനങ്ങളിൽ നിന്ന് മോചനമായിട്ടുണ്ട്.




- ഇന്ന് നിശബ്ദയായി ആതിര വരുകയാണ്. നമുക്ക് ഒരുമിച്ച് കൈകൾ കോർത്ത് അതിനെ സ്വീകരിക്കണം.
- ഭാര്യയുടെ കണ്ണീർ കണ്ട് എന്തിനാണ് സഖീ കരയുന്നത് എന്ന് കവി ചോദിച്ചു.
- ഇനിയുള്ള കുറച്ച് നാളുകൾ നമുക്ക് മനോഹരമാക്കണം.
- ദുഃഖം ഇല്ലാത്ത മധുപാത്രം നമുക്ക് ആവോളം കുടിച്ച് തീർക്കണം.
- ആ നിലാവിലേക്ക് നോക്കി ഓർമ്മകൾ പുതുക്കാം.
- നെറുകയിലെ ഇരുട്ടിന് പാറാവ് നിൽക്കുന്ന തെരുവ് വിളക്കുകൾക്ക് അപ്പുറത്ത് ബധിരമായ ബോധത്തിന്റെ അപ്പുറത്ത് ധാരാളം പല നിറം കലർന്ന ഓർമ്മകൾ ഉണ്ട്.
- നീണ്ട 30 വർഷത്തെ ദാമ്പത്യത്തിൽ വേദനിച്ചും വേദനിപ്പിച്ചും കഴിഞ്ഞു.
- വലിയ ദുഃഖങ്ങൾക്കൊടുവിൽ മാധുര്യം നുകരാനായിട്ടുണ്ട്.
- മൊട്ടായി പുഴുതിന്ന ഓർമ്മകൾ എന്നത് ജീവിതാരംഭവും മോഹഭംഗവും ആണ്.

- മുഖമില്ലാത്ത തെരുവുകൾ ഇന്ന് അലറുന്നുണ്ട്.
- അതിനപ്പുറത്തെ മുരടൻ മുടക്കുകൾക്ക് അപ്പുറത്തേക്ക് ഒന്ന് കാതോർക്കണം.
- അവിടെ പുഴയുടെ കളകളവും വയൽക്കൊറ്റിയുടെ നിറവും പോക്കുവെയ്‌ലിന്റെ സുഖവും തേക്ക് പാട്ടും കേൾക്കാം.
- ആരാവിൽ മാവിൻ കൊമ്പിൽ ഊഞ്ഞാലാടുന്നവരുടെ പാട്ട് കേൾക്കാം.
- ഈ ഓർമ്മപ്പെടുത്തലോടെയാണ് ആതിര വരുന്നത്.
- ഏകാന്ത രാത്രികളിൽ നീ തന്ന സ്നേഹവും മക്കളിലൂടെ ലഭിച്ച പ്രതീക്ഷയും ആസ്വദിച്ചു.
- ഭൂതകാലത്തിലെ ഓരോന്നും ഓർത്താലും ഇല്ലെങ്കിലും ആതിര അതിന്റെ സമയമായാൽ വരിക തന്നെ ചെയ്യും.
- കാലം ഇനിയും ഉരുണ്ട് പോകും. വിഷു വർഷം തിരുവോണം എല്ലാം വരും അപ്പോൾ ഭൂമിയിൽ ആരൊക്കെ ഉണ്ടാകുമെന്ന് ആർക്കറിയാം.
- ഇന്ന് സൗമ്യതയോടെ ശാന്തരായി ആതിരയെ വരവേൽക്കാം.
- ഈ അന്ത്യ യാത്ര സഫലമാകട്ടെ എന്ന് കവി ആഗ്രഹിക്കുന്നു.

…………………………………………………………………
………………………………………………………………….

# 4.ബംഗ്ലാവ്

## ടി വി കൊച്ചുബാവ

- കഥാകൃത്ത് നോവലിസ്റ്റ് എന്നീ നിലകളിൽ പ്രസിദ്ധനാണ് ടി വി കൊച്ചുബാവ .
- വൃദ്ധസദനം എന്ന നോവലിന് 1995 ലെ ചെറുകാട് അവാർഡും 1996 ലെ കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു.
- സാമൂഹിക യാഥാർത്ഥ്യങ്ങളെ തുറന്ന് കാട്ടുന്ന അവതരണമാണ് എഴുത്തുകാരന്റെ പ്രത്യേകത.
- പല കഥകളിലും ഫലിതം കലർന്ന ആക്ഷേപവും വിമർശനവും കാണാം.
- സൂചിക്കുഴിയിലൂടെ ഒരു യാക്കോബ്, ഒന്നങ്ങനെ ഒന്നിങ്ങനെ, കാകളി, തുടങ്ങി ധാരാളം രചനകൾ ഉണ്ട്.
- മൂല്യരഹിതമായ നഗര ജീവിതത്തിന്റെ പൊള്ളത്തരങ്ങൾ കപട സദാചാര ബോധത്തെ പൊളിച്ചെഴുതുന്നതാണ് അദ്ദേഹത്തിന്റെ രചനകൾ എല്ലാം.
- അതിന് ഉദാഹരണമാണ് ബംഗ്ലാവ് എന്ന കഥ.
- തലസ്ഥാനത്തു നിന്ന് 20 കിലോമീറ്റർ അകലെ കിടക്കുന്ന ഒരു ബംഗ്ലാവിലെ അരാജകജീവിതമാണ് പ്രധാന ആശയം.




- ഉപഭോഗ സംസ്കാരത്തിന്റെ ജീർണതകളെ ഇതിൽ വെളിപ്പെടുത്തുന്നുണ്ട്.
- ഓരോ ജീവിതവും വിലപ്പെട്ടതാണ്. അതിനെ പന്താടുന്ന പ്രത്യേകിച്ച് സ്ത്രീകളെ പന്താടുന്ന ഒരു സംസ്ക്കാരമാണ് ഇതിൽ ഉള്ളത്.

- സ്ത്രീയുടെ ഇഷ്ടത്തിനോ സ്വാതന്ത്ര്യത്തിനോ ഇടം നൽകാതെ മറ്റുള്ളവരെ സന്തോഷിപ്പിക്കാനായി മാത്രം ജീവിക്കുന്ന ചിലർ.
- അത് നമ്മുടെ ജീവിതമൂല്യങ്ങളെ ചോദ്യം ചെയ്യും.
- സാംസ്കാരിക ബോധങ്ങളുടെ പതനം ഇതിൽ കാണാം.
- അസംതൃപ്തിയും അവിശ്വാസവും മനുഷ്യന്റെ മനസ്സിനെ താളം തെറ്റിക്കും.
- അതിന്റെ പ്രതിഫലനമാണ് ഈ കഥ.
- പുരുഷ കേന്ദ്രിതമായ ഒരു ജീവിതം അതായത് ഭോഗ ആസക്തിയുള്ള ജീവിതം സ്ത്രീത്വത്തെ താഴ്ത്തി കെട്ടുകയാണ്.
- ഭാര്യമാരെ നറുക്കെടുപ്പിലൂടെ ആർക്ക് വേണമെങ്കിലും ഭോഗിക്കാൻ വിട്ടു കൊടുക്കുന്ന ക്ലബ് ജീവിതം ഇതിൽ പറയുന്നുണ്ട്.
- അതെല്ലാം സമൂഹത്തിൽ നടക്കുന്ന സംഭവങ്ങൾ തന്നെയാണ്.
- അതിനെ പുറത്ത് കൊണ്ടുവരികയാണ് എഴുത്തുകാരൻ .



- ഗീവറീത്യം കുറച്ച് സുഹൃത്തുക്കളും ചേർന്ന് തുടങ്ങിയതാണ് ബംഗ്ലാവിലെ അരാചകത്വം.
- ഇപ്പോൾ അത് വലിയ പങ്കാളിത്തത്തിലേക്ക് എത്തി.
- ഗീവറീതും ഭാര്യ സോമിയും ദാസനും ഭാര്യ ചാരുലതയും എഫ്രേമും ഭാര്യ സൂസന്നയും ബംഗ്ലാവിലെ സ്ഥിരം സന്ദർശകരാണ്.
- പുതുതായി വന്ന ദമ്പതികളാണ് സോമരാജും വിജയകുമാരിയും.
- ചവറ കോളേജിൽ അധ്യാപികയായ വിജയകുമാരി അന്ന് വിദ്യാർത്ഥിയായിരുന്ന സോമിയെ പരിചയമുണ്ട്.
- വിജയകുമാരിക്ക് ബംഗ്ലാവിലെ പ്രവൃത്തികളൊന്നും ഇഷ്ടമല്ല.
- സ്വന്തം ഭർത്താവിനെ / ഭാര്യയെ നറുക്കിൽ കിട്ടരുതേ എന്ന് ആഗ്രഹിക്കുന്നവർക്കിടയിൽ അവൾ പെട്ടു പോകുന്നു.

- സോമരാജിന്റെ നിർബന്ധത്തിന് വഴങ്ങിയാണ് അവർ അവിടെ എത്തിയത്.
- ഭാരതീയ സംസ്ക്കാരം ദാമ്പത്യ ബന്ധങ്ങൾക്ക് നൽകുന്ന പവിത്രതയും വിശ്വാസവും ഇത്തരം ജീവിത രീതിയിലൂടെ തകർക്കപ്പെടുന്നു.
- ഡോക്ടർ കോശിയുടെ ആശുപത്രിയിലെ നഴ്സാണ് സാവിത്രി.
- അവർക്ക് ബംഗ്ലാവുമായി ഒരു ബന്ധവും ഇല്ല. കോശിയാണ് അതിലെ അംഗം.
- രണ്ട് വ്യത്യസ്ത തലങ്ങൾ ഈ കഥയിൽ ഉണ്ട്.
- ഒരു രോഗിയുടെ നില ഗുരുതരമാണെന്ന് അറിയിക്കാൻ സാവിത്രി ഫോൺ ചെയ്തു.
- ഡോക്ടർ കോശിക്ക് രോഗിയുടെ ജീവനേക്കാൾ പ്രാധാന്യം ബംഗ്ലാവിലെ ലൈംഗിക പ്രവൃത്തിയായിരുന്നു.
- സാവിത്രി  തുടർച്ചയായി വിളിച്ച് കൊണ്ടിരുന്നു. അതിനിടക്കാണ് കോശിയുടെ മകളുടെ അപകട മരണം അറിയിക്കാൻ സിസ്റ്റർ ഫ്ലോറ വിളിച്ചത്.
- ശല്യമായി തോന്നിയതിനാൽ കോശി ഫോൺ എടുത്ത് പെട്ടെന്ന് കട്ട് ചെയ്തു.
- വീട്ടിൽ വിളിച്ച് കിട്ടാത്തതിനാൽ സിസ്റ്റർ ഫ്ലോറ ഹോസ്പിറ്റലിലേക്ക് എത്തുന്നു.
- രോഗിയുടെ മരണത്തിൽ ദു:ഖിക്കുന്ന അവരുടെ മകളെ സാവിത്രി നഴ്സ് ആശ്വസിപ്പിക്കുന്നത് കണ്ടു.
- കോശിയുടെ മകളുടെ മരണം അയാളെ എങ്ങനെയെങ്കിലും അറിയിക്കണമെന്ന് പറഞ്ഞ് ഫ്ലോറ പോയി.
- ബംഗ്ലാവിലെ ആഘോഷങ്ങൾ കഴിഞ്ഞ് എല്ലാവരും തിരിച്ച് പോരുകയാണ്.
- ഡോ. കോശിയും എമ്മയും വളരെ സന്തോഷത്തോടെ തിരിച്ച് പോകുകയാണ്.
- അവരുടെ വാഹനത്തിന് പിറകെയായി ഒരു ആംബുലൻസ് വരുന്നു.
- ആംബുലൻസിന് വഴി കൊടുക്കാതെ കോശി കളിപ്പിക്കുകയാണ്.

- കോശിയുടെ മകളുടെ മൃതശരീരമായിരുന്നു അതിൽ .
- ഇവിടെ മരണത്തെ വെറുമൊരു തമാശയായി ഡോക്ടർ കാണുന്നു.
- ഉത്തരവാദിത്തമില്ലാത്ത ഇത്തരം ആളുകളിൽ യോഗ്യത വെറും പൊങ്ങച്ച പ്രകടനം മാത്രമാകുന്നു.
- കുടുംബം ദാമ്പത്യം ഇവ ആഘോഷങ്ങൾക്കും ലൈംഗിക അരാജകത്വത്തിനും മാത്രമാണെന്ന് കരുതുന്നു.
- ഗത്യന്തരമില്ലാതെ അതിൽ വന്ന് വീഴുന്നവരും കുറവല്ല.
- കർത്തവ്യനിരതരായ കഥാപാത്രങ്ങളും ഈ കഥയിൽ ഉണ്ട്.
- സ്വാർത്ഥ താത്പര്യമോ ആത്മ സുഖമോ അവർ ആഗ്രഹിക്കുന്നില്ല.
- ഇങ്ങനെ ഉള്ളവർ ഈ സമൂഹത്തിൽ വളരെ കുറവാണ്.

……………………………………………………………………..

……………………………………………………………………

## 5.ദുഷ്യന്തൻ മാഷ്

### വി കെ എൻ

- പുരാണ കഥാപാത്രങ്ങളെ സാധാരണക്കാരാക്കി അവതരിപ്പിക്കുകയാണ് വി കെ എൻ .
- പുരാണം മുതൽ ആധുനിക ചരിത്ര വസ്തുതകൾ ചേർത്ത് വച്ച് പ്രത്യേക കാലത്തെ നോക്കി കാണുന്ന രീതിയാണ് ഇതിൽ ഉള്ളത്.
- പയ്യൻസ് കഥകളിലൂടെ മലയാളി മനസ്സിൽ ഇടം നേടിയ എഴുത്തുകാരനാണ് വി കെ എൻ .
- 25-ൽ കൂടുതൽ കൃതികളും വിവർത്തനങ്ങളും എഴുതിയിട്ടുണ്ട്.
- എഴുത്തുകാരന്റെ മാധ്യമമായ എഴുത്തിൽ സ്വയം നിറഞ്ഞാടിയ എഴുത്തുകാരനാണ് വി കെ എൻ .
- അദ്ദേഹത്തിന്റെ രൂക്ഷ ഹാസ്യം ഇതിൽ പ്രകടമാണ്.
- അലഹാബാദ് യൂണിവേഴ്സിറ്റിയിൽ നാടക രാഷ്ട്രമീമാംസയിൽ ഒന്നാം റാങ്കിൽ ബിരുദം എടുത്ത ശേഷം ഹസ്തിനപുരിയിലെ രാജാവായി.
- രാജാവായ ശേഷം നായാട്ടിനായി കാട്ടിലെത്തി.



- ദൂരെ നിന്ന് കേട്ട പാട്ടിനെ തുടർന്ന് ശകുന്തളയുടെ അടുത്തെത്തി.
- ഇഡലിയും ചമ്മന്തിയും നൽകി അവൾ സ്വീകരിച്ചു. പിതാവായ വിശ്വാമിത്രൻ ചന്ത്രക്കാരൻ എന്ന മാമ്പഴം പെറുക്കാൻ പോയ സമയമായിരുന്നു.
- ദുഷ്യന്ത രാജാവ് ശകുന്തളയോട് വിവാഹ അഭ്യർത്ഥന നടത്തി.

- ബുദ്ധിമതിയായ ശകുന്തള അവളുടെ ആവശ്യങ്ങൾ മുന്നോട്ട് വക്കുകയാണ്.
- എല്ലാ ആവശ്യങ്ങളും നിറവേറ്റിത്തരാമെന്ന് ഉറപ്പ് നൽകിയാണ് ദുഷ്യന്തൻ ശകുന്തളയെ വിവാഹം കഴിച്ചത്.
- കാട്ടിൽ നിന്ന് തനിക്ക് വാഗ്ദാനങ്ങൾ തന്ന് പോയ ദുഷ്യന്തനെ തേടി കുഞ്ഞുമായി ശകുന്തള കൊട്ടാരത്തിലെത്തി.
- ഓർമ്മക്കുറവ് സംഭവിമ്മതിനാൽ ദുഷ്യന്തന് അവരെ സ്വീകരിക്കാൻ കഴിഞ്ഞില്ല.
- സർവദമനൻ എന്ന മകനേയും ഭാര്യയേയും അശരീരി യിലൂടെ തിരിച്ചറിഞ്ഞ രാജാവ് സ്വീകരിച്ചു.
- ശകുന്തള ആരാണ് എന്ന് ചോദിച്ചാൽ നമ്മുക്ക് എല്ലാവർക്കും ഉത്തരം ഉണ്ട്. 'മാലിനി നദി തീരത്ത് ഉപേക്ഷിക്കപ്പെട്ടവൾ.




- ദീർഘാപാംഗൻ എന്ന പുള്ളിമാനുകളുടെ കൂടെ വളർന്നവൾ .
- പിന്നീട് ദുഷ്യന്തമഹാരാജാവിന്റെ പതിയും നമ്മുടെ രാജ്യത്തിന്റെ പേരിന്റെ തന്റെ ഉത്ഭവമായ ഭരതചക്രവർത്തിയുടെ അമ്മയും .
- അതീവസുന്ദരിയും സുശീലയുമായിരുന്ന തരുണീമണി.
- മിക്കവർക്കും അറിയാവുന്ന ശകുന്തളയുടെ കഥയിൽ നിന്ന് തുടങ്ങാം.
- ദുഷ്യന്തന് വേട്ടയ്ക്ക് പോവുന്ന വഴിക്ക് കാണ്വാശ്രമത്തിൽ എത്തുന്നു.
- അവിടെ ശകുന്തളയെയും തോഴിമാരായ അനസൂയയെയും പ്രിയംവദയെയും കാണുന്നു.

- നായികയെ വളച്ചും നായികയുടെ വീട്ടുകാർക്ക് അല്ലറചില്ലറ സഹായങ്ങളൊക്കെ ചെയ്തു കൊടുത്തും ദുഷ്യന്തൻ അവിടെ ചുറ്റിപ്പറ്റി നിൽക്കുന്നു.
- ഒടുവിൽ അവർ ഗാന്ധർവവിധി പ്രകാരം വിവാഹത്തിന് മുമ്പുള്ള ശാരീരികബന്ധം നടത്തുന്നു.
- ഈ ബന്ധം വിവാഹമായി തന്നെ കണക്കാക്കിയിരുന്ന കാലമുണ്ടായിരുന്നു
- ശേഷം ഇവർ വിവാഹിതരാവുന്നു. ദുഷ്യന്തൻ തന്റെ മുദ്രമോതിരം ശകുന്തളയ്ക്ക് സമ്മാനിക്കുന്നു,
- എന്നിട്ട് മുങ്ങുന്നു അല്ലെങ്കിൽ കൊട്ടാരത്തിലേക്ക് മടങ്ങുന്നു.
- ദുഷ്യന്തനെ ഓർത്ത് സർവം വിസ്മരിചിരിക്കുന്ന ശകുന്തള.
- ആശ്രമത്തിലെത്തുന്ന ദുർവാസാവിനെ തിരഞ്ഞുനോക്കാത്തതിൽ ക്രുദ്ധനാകുന്നു.
- നീ കിനാവ് കണ്ടുകൊണ്ടിരുന്നവൻ നിന്നെ മറന്നുപോവട്ടെ എന്ന് ശപിക്കുന്നു.
- അതുവഴി വരുന്ന അനസൂയയും പ്രിയംവദയും ഇത് കേട്ട് ദുർവാസാവിന്റെ കാലുപിടിച്ച് കരഞ്ഞു.
- എന്തെങ്കിലും അടയാളം കാണിച്ചാൽ ഓർത്ത്കൊള്ളും എന്ന് ഒരു ശാപത്തിൽ ചെറിയ ഇളവ് വാങ്ങുന്നു.
- ഗർഭിണിയായ ശകുന്തളയെ കണ്വൻ 'ഭർത്താവിന്റെ' അടുത്തേക്ക് അയക്കുന്നു.
- ശാപം കാരണം പാവം ദുഷ്യൻ ശകുന്തളയെ മനസ്സിലാവുന്നില്ല.
- മുദ്രമോതിരം ശകുന്തളയുടെ കൈയിലും ഇല്ല.
- കരഞ്ഞുവിളിച്ചു നടന്ന ശകുന്തളയെ അമ്മയുടെ കൂട്ടുകാരി സാനുമതി കാശ്യപാശ്രമത്തിൽ എത്തിക്കുന്നു.
- പിന്നീട് ഒരു മീൻകാരന് മീനിന്റെ വയറ്റിൽ നിന്ന് കിട്ടുന്ന മുദ്രമോതിരം കിട്ടുന്നു.
- കൊട്ടാരത്തിൽ മോതിരം എത്തിയതോടെ മറവിയിൽ നിന്ന് മുക്തിനേടിയ ദുഷ്യന്തൻ കുറ്റബോധം കൊണ്ട് ചെയ്യുന്നതെല്ലാം യാന്ത്രികമായി പോവുന്നു.

- ദേവാസുരയുദ്ധത്തിൽ ദേവേന്ദ്രനെ സഹായിക്കാൻ പോയിട്ട് വരുന്ന വഴിക്ക് ദുഷ്യന്തനൻ ശകുന്തളയെയും മകനെയും കാണുന്നു.
- ശകുന്തളയോട് മാപ്പ് ചോദിക്കാൻ തുടങ്ങുമ്പോ 'അയ്യോ അരുതേ ചേട്ടാ' എന്നൊക്കെ പറഞ്ഞു കൊമ്പ്ലിമെന്റ്സ് ആവുകയും ചെയ്യും.
- ഇത് കാളിദാസന്റെ 'അഭിജ്ഞാനശാകുന്തളം' എന്ന നാടകത്തിന്റെ കഥയാണ്.
- നല്ല ഭാഷയിൽ കുറെ മനോഹരമായ ഭാവനയൊക്കെ ചേർത്ത് എഴുതിയ കാവ്യമാണ്.
- ഇന്ത്യാക്കാർക്ക് ഇത്രയൊക്കെ കഴിവുണ്ടോ എന്ന് പല പാശ്ചാത്യപണ്ഡിതരെയും അത്ഭുതപ്പെടുത്തിയ കാവ്യമാണ് കാളിദാസന്റെ ശാകുന്തളം.
- ഈ കഥയുടെ ഒറിജിനൽ മഹാഭാരതത്തിലെ ആദിപർവത്തിന്റെ ഉപപർവമായ സംഭവപർവത്തിലെ ശകുന്തളോപാഖ്യാനമാണ്.
- ഈ കഥ വായിക്കുമ്പോ മനസ്സിൽ വയ്ക്കേണ്ട രണ്ടു കാര്യങ്ങളുണ്ട്.
- ഒന്ന്, ഇത് മഹാഭാരതത്തില് നിന്ന് എടുത്ത കഥയായതിനാലും മഹാഭാരതത്തിലെ സ്ത്രീകൾക്കെല്ലാം നട്ടെല്ലിന് ബലവും നാക്കിന് നീളവും വളരെ കൂടുതൽ ആയതിനാലും ഇത് ശകുന്തള തന്നെയാണോ എന്ന സംശയം തോന്നുന്നത് സ്വാഭാവികം.
- രണ്ട്, ശകുന്തളയുടെ കഥയോട് ബന്ധപ്പെടുത്തിയുള്ള തോഴിമാർ, മുദ്രമോതിരം, ദുവാസാവ്, ശാപം പിന്നെ വളരെ പ്രധാനമായി നാണം,അടക്കം, ഒതുക്കം, കരച്ചിൽ, പിഴിച്ചില് ഇത്യാദി വകകളൊന്നും ഒറിജിനലിൽ ഇല്ല.
- എന്തായാലും മഹാഭാരതത്തിലും ദുഷ്യന്തൻ നായാട്ടിന് പോവുന്ന വഴിക്ക് കാണ്വാശ്രമത്തിൽ എത്തുന്നത്.
- തൊഴിയും കോഴിയും ഒന്നും ഇല്ലാത്തത് കൊണ്ട് ശകുന്തള തന്നെ ചെന്ന് സ്വീകരിക്കുന്നു.
- രാജാവ് ചോദിക്കുന്ന ചോദ്യങ്ങൾക്ക് എല്ലാം(തന്റെ ഒറിജിനൽ പേരന്റ്സ് ആയ മേനകയുടെയും വിശ്വാമിത്രന്റെയും ഡിങ്കോൾഫികഥ ഉൾപ്പെടെ) ഉരുളയ്ക്കുപ്പേരി പോലെ മറുപടി പറയുന്ന അതിസുന്ദരിയായ ശകുന്തളയുടെ തന്റേടമാണ് രാജാവിന് ഇഷ്ടപ്പെടുന്നത്.

- അല്ലാതെ കാളിദാസന്റെ വെർഷനിലെത് പോലെ വണ്ട് കുത്താൻ വരുന്നേ എന്നും പറഞ്ഞ് കരയുന്ന ദുർബലയെ അല്ല.
- രാജാവിന്റെ സൂക്കേട് കൃത്യമായി മനസ്സിലാക്കിയ ശകുന്തള രാജാവിനോട് തനിക്ക് പിറക്കുന്ന മകനെ കിരീടാവകാശിയാക്കാമെന്ന് സത്യം ചെയ്താൽ മാത്രം താൻ വഴങ്ങാം എന്ന് നിബന്ധന വയ്ക്കുന്നു.
- ഈ ഡിമാന്റ് രാജാവ് അംഗീകരിക്കുന്നത് കൊണ്ട് മാത്രം ശകുന്തള 'ഗാന്ധർവവിവാഹ'ത്തിന് സമ്മതിക്കുന്നു.
- എന്നിട്ട് ആസ് യൂഷ്വൽ രാജാവ് മുങ്ങുന്നു.
- ഈ ബന്ധത്തിൽ നിന്ന് ഗർഭിണിയായ ശകുന്തള പ്രസവിക്കുന്നു, കുട്ടിയെ വളർത്തുന്നു.
- കുട്ടിക്ക് സിംഹം, പുലി തുടങ്ങി സകല ഹിംസ്രജന്തുക്കളെയും ഇടിച്ച് ഇഞ്ചപ്പരുവമാക്കുന്ന സ്വഭാവം ഉണ്ടായിരുന്നതിനാൽ 'സർവദമനൻ' എന്ന് പേരും ഇടുന്നു.
- അങ്ങനെ യുവരാജാവായി വാഴിക്കാനുള്ള പ്രായമെത്തിയപ്പോളാണ് കണ്വൻ ശകുന്തളയെയും കുട്ടിയേയും കൊട്ടാരത്തിലേക്ക് അയക്കുന്നത്.
- സ്ത്രീ ഭർത്താവിന്റെ വീട്ടിൽ ജീവിക്കുന്നതാണ് ശ്രേയസ് എന്ന് പറയുന്നുണ്ടെങ്കിലും അവിടെച്ചെന്ന് അയാളുടെ കാൽക്കൽ അടക്കവും ഒതുക്കവുമായി ജീവിക്കണം എന്ന ഉപദേശങ്ങളൊന്നും കൊടുക്കുന്നില്ല.
- തന്നെയുമല്ല ശകുന്തള പോവുമ്പോളാരും കണ്ണീർവാർക്കുന്നില്ല എന്നും കൂടി പറയണം.
- ഇവരെക്കാണുന്ന രാജാവാണെങ്കിലോ ആരാ, എന്താ എന്നൊക്കെ ചോദിക്കുന്നു.
- രാജാവ് മറന്നുപോയിട്ടൊന്നും അല്ല, ശകുന്തളയ്ക്ക് വിഷമവും നാണക്കേടും അല്ല, കോപമാണ് വന്നതെന്നുമുള്ളത് കാര്യം പ്രത്യേകം ശ്രദ്ധിക്കണം.
- ശകുന്തള ആ രാജസദസ്സിൽ ഒരു ഉഗ്രൻ പ്രസംഗം നടത്തുകയാണ് ചെയ്യുന്നത്.

- ശകുന്തള രാജാവിനെക്കാളും കുലമഹിമയുള്ളവളാണെന്നും തന്റെ മകൻ രാജാവിനെക്കാളും ശ്രേഷ്ഠനാണ് എന്നും പ്രഖ്യാപിച്ചു.
- ദുഷ്യന്തൻ സ്വീകരിച്ചില്ലെങ്കിലും ആഴിയാൽ ചുറ്റപ്പെട്ട ഈ ഊഴിയെ(ഭൂമിയെ) തന്റെ മകൻ അടക്കിഭരിക്കുക തന്നെ ചെയ്യും എന്ന് വെല്ലുവിളിച്ച് അവിടെ നിന്ന് ഇറങ്ങിപ്പോവുന്നു.
- ശകുന്തള പറഞ്ഞത് എല്ലാം സത്യമാണെന്നും കുട്ടി തന്റെതാണെന്നും അശരീരി ഉണ്ടാവുന്നു.
- രാജാവ് ഓടിച്ചെന്നു കുട്ടിയെ കെട്ടിപ്പിടിക്കുകയും ശകുന്തളയോട് മാപ്പ് ചോദിക്കുകയും സമ്മാനങ്ങളൊക്കെ കൊടുത്ത് പ്രീതിപ്പെടുത്തുകയും ചെയ്യുന്നു.
- വെറുതെ കയറിവരുന്ന ഒരു സ്ത്രീയെയും കുട്ടിയേയും താൻ സ്വീകരിച്ചാൽ പൊതുജനം മകനെ അംഗീകരിക്കുമോ എന്ന് ഭയന്നാണത്രെ അങ്ങേര് ഈ നാടകം എല്ലാം കളിച്ചത്.
- അങ്ങനെ സർവദമനനെ 'ഭരതൻ'എന്ന പേര് കൊടുത്ത് യുവരാജാവായി വാഴിക്കുകയും ചെയ്യുന്നു.


……………………………………………………………………………

……………………………………………………………………………

## 6.തായ്ക്കുലം

## സാറാ ജോസഫ്

- സ്ത്രീ പക്ഷ എഴുത്തുകാരിയാണ് സാറാ ജോസഫ്.
- പുരുഷ മേധാവിത്തം അധീശത്വ വർഗ്ഗം എന്നിവക്കെതിരെ ഉറച്ച നിലപാടോടു കൂടി സധൈര്യം കലഹിക്കുന്ന എഴുത്തുകാരിയാണ് ഇവർ.
- പൂർണ്ണ സ്വാതന്ത്ര്യത്തിലേക്ക് മനുഷ്യവിമോചനത്തിലേക്ക് എത്തണമെങ്കിൽ ആദ്യം സ്ത്രീവിമോചനം സാധ്യമാകണമെന്ന് ഇവർ പറഞ്ഞു.
- അരിക് വൽക്കരിക്കപ്പെട്ട സ്ത്രീ ജനങ്ങളുടെ കരുത്ത് ഇവരുടെ മിക്ക കൃതികളിലും കാണാം.
- ഭാഷ കൊണ്ടും സംസ്കാരം കൊണ്ടും ദ്രാവിഡ തനിമയെ ഉൾക്കൊള്ളുന്ന കഥകൂടിയാണ് തായ്ക്കുലം.
- രാമായണ കഥയുടെ മറുവശമായി ഇതിനെ എടുക്കാം.
- രാമലക്ഷ്മണർമാരിൽ നിന്നും സ്ത്രീത്വത്തിന് ഏറ്റ മാനഭംഗം ഇതിൽ പരിശോധിക്കുന്നു.
- മൂക്കും മുലകളും അരിയപ്പെട്ട ഇരകളാണ് ശൂർപ്പണഖയും അയോമുഖിയും.





- ആര്യാധിനിവേശം പുരുഷാധിപത്യത്തിന്റെ സൃഷ്ടി കൂടിയാണ്.
- ത്തതിന്റെ ഫലം അനുഭവിക്കുന്നത് ശൂർപ്പണഖയും അയോ മുഖിയും മാത്രമല്ല. രാമപത്നി സീതയും ഇതേ പീഠനങ്ങളുടെ തുടർച്ച തന്നെയാണ് അനുഭവിക്കുന്നത്.
- ദ്രാവിഡ സംസ്കാരത്തിന് സ്ത്രീയെ മാനിച്ചല്ലാതെ അപമാനിച്ചുള്ള ശീലം ഇല്ല.
- ആര്യവംശരായ രാമ ലക്ഷ്മണൻമാർ സ്ത്രീയെ അപമാനിച്ചുള്ള ശീലമേ ഉള്ളൂ.

- തന്റെ കൈനഖങ്ങൾ കത്തിപോലെ കൂർപ്പിച്ച് വാക്കുകൾ കൊണ്ട് തന്റെ ശക്തി പ്രകടമാക്കുന്ന ശൂർപ്പണഖയെയാണ് കാണുന്നത്.
- തന്റെ സഹോദരനായ രാവണപ്പെരുമാൾക്ക് ഒരിക്കലും യുദ്ധത്തിൽ തോൽവിയുണ്ടാവില്ല എന്ന ഉറച്ച വിശ്വാസം അവളിൽ ഉണ്ട്.
- അവൾ സീതയെ കുറിച്ച് ചിന്തിക്കുന്നുണ്ട്.
- സീതയുടെ പക രാവണന്റെ മുന്നിൽ പത്തിവിടർത്തി നിൽക്കുകയാണെന്ന് ശൂർപ്പണഖ തിരിച്ചറിയുന്നുണ്ട്.
- സീതയേക്കാൾ വലിയ പീഠനമാണ് ഇപ്പോൾ അയോമുഖിയും താനും സഹിക്കുന്നത്.
- പാരമ്പര്യത്തിന്റെ മുലപ്പാലിന്റെ വേരുകളാണ് അവർ അറുത്ത് മാറ്റിയത്.



- കാരെള്ളിന്റെ കറുപ്പും മിനുപ്പും ചേർന്ന ഒടല് . ഓടലെണ്ണ മിന്നണ മുടിക്കാടും തുള്ളിച്ച് എപ്പഴും പെടയണ മീൻകണ്ണും വെട്ടിച്ച് പൂങ്കൊണ്ടൽ നിറമുള്ള അരക്കെട്ട് ഇളക്കി അവര് വരുമ്പോ രാവണപ്പെരുമാള്ക്കും അടി തെറ്റണ്
- ഇത് ദ്രാവിഡ തനിമയുടെ പ്രശ്നമായി കാണുകയാണ്.
- പെണ്ണിന്റെ കാമത്തിൽ തെറ്റു കുറ്റം ചാർത്തിയാൽ കാമിനിയായ മണ്ണിനാവിന എന്ന് ശൂർപ്പണഖ പറയുന്നു.
- തന്റെ ചൂടുള്ള മണ്ണായ പഞ്ചവടി ദണ്ഡക വനം തന്റേതാണ്.
- ശൂന്യമായ തന്റെ മാറിടവും ഇനി ഒരിക്കലും ചമ്പകപ്പൂമണം ലഭ്യമാകാത്ത തന്റെ മൂക്കും ഓർത്ത് അവൾ ഏറെ ദു:ഖിക്കുന്നു.
- ബാലിയെ ചതിയിലൂടെ കൊന്ന രാമന്റെ കൈകൾ രാവണപ്പെരുമാളുടെയും വീഴ്ച ഉണ്ടാകും.

- തന്റെ വേറൊരു സഹോദരനാണ് വിഭീഷണൻ . അയാൾ രാമപക്ഷത്താണ്.
- ഇലങ്ക മുടിഞ്ഞു ചൂരിയൻ കെട്ടു ചമർക്കളത്തില് മാറ്റവരുടെ മീതെ കോടലിടി പോലെ വെട്ടിയ രാവണപ്പെരുമാളും അവന്റെ ചന്ദിരവട്ട വാളും കുടയും തെറിച്ച് പോയി.




- അയോ മുഖിയുടെ വാക്കുകൾ കേട്ട് ശൂർപ്പണഖ കാനനം നടുക്കുമാറുച്ചത്തിൽ അലറി.
- അധികാരത്തിന്റെ നിലനിൽപിനുള്ള ഒരു ഉപകരണം മാത്രമാണ് സ്ത്രീ
- അടിച്ചമർത്തുന്ന സ്ത്രീത്വമായി ഇവർ മാറുന്നു.
- രാമനോടുള്ള വെറുപ്പും തന്റെ കുലത്തോടുള്ള മതിപ്പും ശൂർപ്പണഖയുടെ ഓരോ വാക്കിലും ഉണ്ട്.
- വംശീയ വെറിക്കെതിരെയുള്ള അധികാരത്തിനെതിരെയുള്ള ചോദ്യമായി അത് മാറുന്നു.

……………………………………………………………………………………
……………………………………………………………………………………

# 7.മോദസ്ഥിതനായിങ്ങു വസിപ്പൂ മലപോലെ

## എസ് ഹരീഷ്

- ആധുനികോത്തര മലയാളിയുടെ ജാതി ചിന്തയിലേക്ക് വിരൽ ചൂണ്ടുന്ന ചെറുകഥയാണ് ഇത്.
- ആദം, മീശ, രസവിദ്യയുടെ ചരിത്രം, അപ്പൻ എന്നീ രചനകൾ കൂടാതെ വിവർത്തനങ്ങളും എഴുതിയിട്ടുണ്ട്.
- ജാതി ചിന്തയാൽ കൊപാതകം പോലും നടത്താൻ മടിയില്ലാത്തവരാണ് ഇന്ന് ഉള്ളത്.
- മഹാകവി കുമാരനാശാന്റെ വരികളാണ് കഥക്ക് പേരായി സ്വീകരിച്ചിരിക്കുന്നത്.
- അതിൽ ശ്രീനാരായണ ഗുരുവിനെ പറ്റി ആശാൻ പറഞ്ഞ വാക്കുകൾ ആണ് അത്.



- പവിത്രയുടെയും അനൂപിന്റെയും വിവാഹക്കാര്യം ചർച്ച ചെയ്യാനായി ഇരു വീട്ടുകാരും പവിത്രയുടെ വീട്ടിൽ ഒത്തുകൂടി.
- ഇരുകൂട്ടരും വ്യത്യസ്ത ജാതിക്കാരാണ്.
- പുതു തലമുറ ജാതി മറന്ന് ഒന്നിക്കാനാഗ്രഹിക്കുന്നവരാണ്.
- എതിർത്തിട്ട് കാര്യമില്ല എന്ന് മനസ്സിലാക്കിയ രക്ഷിതാക്കൾ വിവാഹ ബന്ധത്തിന് സമ്മതം മൂളുന്നു.
- ഇവിടെ ജാതി ചിന്ത എത്ര ശക്തമാണെന്ന് നോക്കുക.
- "ചോറ് തിന്നാനെത്ര പേര് കാണും " എന്ന് വല്യമ്മ ചോദിച്ചപ്പോൾ തിന്നുക എന്നൊന്നും പറയണ്ട ചോറുണ്ണാം എന്നേ അവരോട് പറയാവൂ.

- ഈ സംഭാഷണം നോക്കിയാൽ നായർ കുടുംബത്തിലെ ഉണ്ണാം എന്ന പ്രയോഗവും ഈഴവ കുടുംബത്തിലെ തിന്നാം എന്ന പ്രയോഗവും തെളിഞ്ഞ് നിൽക്കുന്നു.
- വരന്റെ കുടുംബത്തേക്കാൾ താഴ്ന്ന ജാതിക്കാരായതിനാൽ വാക്കുകൾ പോലും സൂക്ഷിച്ച് ഉപയോഗിക്കേണ്ടിവരും.
- ഇത്തരത്തിലുള്ള ഒരു അധമബോധം പവിത്രയുടെ അമ്മയുടെ മനസ്സിൽ ഉണ്ട്.
- പുതിയ തലമുറയുടെ ചിന്തയും പ്രവൃത്തിയും പ്രകീർത്തിക്കുമ്പോഴും അനൂപിന്റെ അമ്മാവൻ ഉണ്ണിമാമനും പവിത്രയുടെ ചെറിയച്ഛൻ പവിത്രനും ചുമരിലെ ഫോട്ടോയെ പറ്റി സംസാരിക്കുന്നുണ്ട്.
- അത് കേട്ട് പവിത്രയുടെ അച്ഛന് ഇഷ്ടപ്പെട്ടില്ല.
- തന്റെ അച്ഛൻ സ്ഥാപിച്ച ഫോട്ടോ തും ധീര പ്രവൃത്തിയുടെ ഓർമ്മ. എടുത്ത് മാറ്റാനുള്ള അവരുടെ അഭിപ്രായത്തോട് അയാൾക്ക് ആദ്യം സമ്മതിക്കാൻ തോന്നിയില്ല.




- വിവാഹ ശേഷം രണ്ട് വീട്ടുകാരും ഗുരുവായൂരിൽ പോകുന്നുണ്ട്.
- അവിടെ മുറിയിൽ രണ്ട് കട്ടിൽ അടുപ്പിച്ചിട്ടാണ് രണ്ടച്ഛൻമാരും കിടന്നുറങ്ങിയത്.
- പിറ്റേന്ന് പല്ല് തേച്ച ബ്രഷ് അരയിൽ കുത്തിവച്ചത് കണ്ട് അനൂപിന്റെ അച്ഛൻ അയാളെ പറകയറ്റക്കാരനായി താരതമ്യം ചെയ്തു.
- എത്ര വളർന്നാലും ഏറ്റു കാരന്റെ ശേഷിപ്പ് അയാളിൽ നിന്ന് മായില്ല എന്ന മേൽജാതിക്കാരന്റെ ചിന്ത ഇവിടെ കാണാം.
- മറച്ചുവക്കുന്ന ജാതി എഴുതപ്പെടേണ്ടതു തന്നെയാണ് എന്ന ചിന്ത ഈ കഥയിൽ കാണാം.
- ദൈനം ദിന ജീവിതത്തിൽ സംഭവിക്കുന്ന ഒന്നായി അത് മാറട്ടെ.

- രാഷ്ട്രീയപരമായ വായനയേക്കൾ സൗന്ദര്യശാസ്ത്രപരമായ വായനയാണ് ഇതിൽ വേണ്ടത്.




- വായനക്കാർക്ക് ഏത് രീതിയിൽ വായിക്കാനും ഉള്ള അവസരം ഈ കഥയിൽ ഉണ്ട് .
- ഗുരുവിന്റെ ഫോട്ടോ കണബ് താലി തുടങ്ങിയ ചിഹ്നങ്ങളെല്ലാം അതിന് ഉദാഹരണങ്ങൾ ആണ്.

...................................................................................

...................................................................................

CPA COLLEGE OF GLOBAL STUDIES

## 8.ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മയ്ക്ക്

## ഒ.വി വിജയൻ

- മലയാള സാഹിത്യ ലോകത്തിലെ ആധുനികതയുടെ അടയാളമായ ഒ.വി.വിജയന്റെ ഓർമ്മക്കുറിപ്പാണിത്.
- ദാർശനികമായ കാഴ്ചപ്പാടുകൾ ഇതിൽ വ്യക്തമാണ്.
- മാർക്സിസ്റ്റ് പാർട്ടിയിൽ ഇന്ന് നടക്കുന്ന ശുദ്ധീകരണ പ്രക്രിയയെ അന്ധാളിപ്പോടു കൂടി മാത്രമേ നോക്കിക്കാണാൻ കഴിയൂ എന്ന് ലേഖകൻ പറയുന്നുണ്ട്.
- കേരളത്തിൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെക്കുറിച്ച് പറഞ്ഞു കൊണ്ടാണ് ലേഖനം തുടങ്ങുന്നത്.
- ആദ്യ കാലത്ത് സ്വന്തം കുടുംബത്തിലെ കാര്യം പോലെ ആയിരുന്നു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം.
- 1957 ഏപ്രിൽ 5 ന് ഇ എം എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കേരളത്തിലെ ആദ്യ മന്ത്രിസഭ അധികാരമേറ്റു.
- ആ സമയം ലേഖകൻ തഞ്ചാവൂരിലെ ഒരു കോളേജിൽ അധ്യാപകനായിരുന്നു.



- ലീവെടുത്താണ് അവിടെ നിന്ന് പോന്നത്.
- തന്റെ കുടുബത്തിലെ അംഗങ്ങളെ പോലെയായിരുന്നു ശങ്കൻ നമ്പൂതിരിപ്പാട് എ കെ ജി,കുഞ്ഞിരാമൻ മാസ്റ്റർ കൂടാതെ പാലക്കാട്ടുള്ള അസംഖ്യം കർഷകത്തൊഴിലാളികളും എല്ലാം.
- തഞ്ചാവൂരിൽ നിന്ന് പാലക്കാടേക്ക് വണ്ടി കയറി.
- പഴയ രണ്ടാം ക്ലാസ്സ് മുറിയിൽ തന്നെ കൂടാതെ ഒരു സിക്കുകാരനും ഉണ്ടായിരുന്നു.
- സംസാരത്തിൽ മുഴുവൻ കേരളത്തിലെ മന്ത്രിസഭയെ കുറിച്ചായിരുന്നു.
- കേരളം എത്തിയതും മനോഹരമായ പച്ചപ്പടർപ്പുകൾ കണ്ടു.

- ആ പച്ചപ്പരപ്പിൽ ഒരു കുടിലിന്റെ അടുത്ത് പുളിമരത്തിൽ തൂക്കി കെട്ടിയ ചെങ്കൊടിയെ ലേഖകൻ കണ്ടു.
- ആ കാഴ്ചയാണ് സിന്ദൂരപ്പൊട്ടായി തോന്നിയത്.
- ഭാരതീയ സാത്വികതയോടും ധർമ്മത്തോടും സ്വതസിദ്ധമായ അഭിമുഖതയുള്ള മനസ്സ് ഇന്ത്യയിൽ ഉണ്ട്.
- മാർക്സും ലെനിനും കണ്ടറിഞ്ഞിട്ടില്ലാത്ത ധാരാളം കാര്യങ്ങൾ ഇന്ത്യൻ കമ്മ്യൂണിസത്തിൽ ഉണ്ട്.
- ഒക്ടോബർ വിപ്ലവത്തിൽ മാർക്സ് സങ്കൽപനം ചെയ്ത മാർഗമല്ല ഇവിടത്തെ ഭരണമാറ്റത്തിൽ കണ്ടത്.
- ചൈനയിലെ തൊഴിലാളി വിപ്ലവത്തെ അത് കർഷക സമരമല്ല എന്നും സാമ്രാജ്യത്ത വിരേധം, ജാപ്പു വിരോധം, സൈനിക കാലുമാറ്റം തുടങ്ങിയവയുടെ ആകെത്തുകയാണെന്ന് ലേഖകൻ




കണ്ടെത്തി.
- പ്രാകൃതവും ശുദ്ധവുമായ മറ്റൊരു സമരമായിരുന്നു വിയറ്റ്നാം വിപ്ലവം.
- അതൊന്നും കമ്യൂണിസത്തിന് വേണ്ടി ആയിരുന്നില്ല ക്യൂബയിലും ഇപ്രകാരം തന്നെ.
- ഈ വിപ്ലവത്തിന്റെ അമൂർത്തതയിലാണ് ഒവി വിജയൻ കൊച്ചു കേരളത്തെ 1957 നെ നോക്കി കാണുന്നത്.
- എഴുതി വച്ച പുസ്തകത്തിലെ മറികടന്ന് പുതിയ മാറ്റത്തെ തേടാനുള്ള മനസ്സാണ് വേണ്ടത്.
- സ്വതന്ത്രമായ സമ്മതിയിൽ ഹൈന്ദവമായ സാത്വികതയിൽ ഭാരതത്തിന്റെ പ്രാചീനതയിൽ സ്വതന്ത്രതയുടെ തുറസ്സിൽ മാർക്സിസത്തിന്റെ അമൂർത്തമായ ഊർജ്ജത്തെ പ്രവേശിപ്പിക്കുകയാണ് വേണ്ടത്.
- ഇതാണ് 1957 ന്റെ ചരിത്രപരമായ കടമ .ഇങ്ങനെ കമ്യൂണിസ്റ്റ് മാർക്സിയൻ ചിന്തകളെ തന്റെതായ കാഴ്ചപ്പാടിലൂടെ ലേഖകൻ അവതരിപ്പിച്ചിരിക്കുന്നു

…………………………………………………………………………………………………………………………………

…………………………………………………………………………………………………………………………………

## 9.ഷാരോണിലെ റോസാപൂക്കൾ

### വൈക്കം ചന്ദ്രശേഖരൻ നായർ

- 1920 ൽ വൈക്കത്താണ് ജനിച്ചത്. 2005 ൽ അന്തരിച്ചു.
- കമ്മ്യൂണിസ്റ്റ് കാഴ്ചപാടുകൾക്കൊപ്പം ഭാരതീയ ദർശനങ്ങളും പാശ്ചാത്യ ദർശനങ്ങളും ചേർത്ത് പിടിച്ച ദാർശനികനായിരുന്നു.
- പത്രപ്രവർത്തകൻ, നോവലിസ്റ്റ്, ചിത്രകാരൻ , നാടകകൃത്ത്, തിരക്കഥാകൃത്ത്, നാടകകൃത്ത് എന്നീ നിലകളിൽ പ്രാഗത്ഭ്യം തെളിയിച്ച മലയാള സാഹിത്യകാരനാണ് വൈക്കം ചന്ദ്രശേഖരൻ നായർ.
- പതിമൂന്നോളം നോവലുകളും അപസർപ്പക നോവലുകളും പന്ത്രണ്ടിലേറെ നാടകങ്ങളും എഴുതിയിട്ടുണ്ട്.
- വത്സല എം എ,സാത്വികി , പ്രതാപചന്ദ്രൻ , ഫിലോമിന മാത്യു, കേണൽ പ്രസാദ്, ശ്രീകാന്ത് വർമ്മ തുടങ്ങി ധാരാളം തൂലികാനാമങ്ങൾ സ്വീകരിച്ച് എഴുതിയിട്ടുണ്ട്.




- ജാതൂഗ്രഹം എന്ന നാടകത്തിന് കേരള സാഹിത്യ അക്കാദമി പുരസ്ക്കാരം ലഭിച്ചു.
- അക്ഷരങ്ങൾ എന്ന ആത്മകഥാപരമായ ലേഖനത്തിലെ ഒരു ഭാഗമാണ് ഷാരോണിലെ റോസാ പൂക്കൾ .
- ബൈബിളിൽ സോളമന്റെ ഗീതകങ്ങളിൽ പരാമർശിക്കപ്പെട്ടതാണ് ഷാരോണിലെ റോസാപ്പൂക്കൾ.
- മരണത്തിലേക്ക് നടന്നടുക്കുന്ന ഒരു യുവതിയെ പിന്തിരിപ്പിക്കാൻ കഴിയാതെ പോയപ്പോൾ തന്റെ മനസ്സിലെ അസ്വസ്ഥതകൾ കുറിക്കുകയാണ് ഇവിടെ.

- യറുശലേമിലെ പൂക്കളെ പോലെ സുന്ദരിയായിരുന്നു ക്രിസ്റ്റിൻ അഹ്റോൺ.
- ബോംബെയിലെ വലിയ ഒരു ഹോട്ടലിൽ താമസിക്കുമ്പോഴാണ് ലേഖകൻ അഹ്റോണിനെ പരിചയപ്പെട്ടത്.
- അൽപ സമയത്തെ പരിചയം മാത്രം.
- ചില പ്രത്യേകതകൾ ഉള്ള പത്രപ്രവർത്തകൻ ചിത്രകാരൻ ചിത്രകാരി എന്ന നിലകളിൽ ഇരുവരും പരിചയപ്പെട്ടു.
- യഹൂദനും പട്ടാളത്തിലെ എഞ്ചിനീയറുമായ അച്ഛന്റെ മരണം 1958 ൽ .
- ക്രിസ്ത്യാനിയായ അമ്മ ടെൽ അവീവിൽ അധ്യാപകനായ മകനോടൊപ്പം താമസിക്കുന്നു.
- അഹ്റോൺ സലീൽ മുഖർജി എന്ന ചിത്രകാരനെ സ്നേഹിച്ചു.വീട്ടുകാർ ആ ബന്ധത്തിന് സമ്മതിച്ചു.
- അയാളെ തേടിയാണ് അഹ്റോൺ ഇവിടെ എത്തിയത്.
- യൂണിവേഴ്സിറ്റിയിൽ വച്ചാണ് ഇരുവരും കണ്ടത്. അത് അവരെ പ്രണയത്തിലെത്തിച്ചു.ഒരുമിച്ച് ജീവിക്കാൻ തീരുമാനിച്ചു.
- നാല് വർഷം ഭൂമിയുടെ രണ്ടറ്റത്തിരുന്ന് കത്തിലൂടെ സ്നേഹിച്ചു
- പിന്നെ സലീൽ മുഖർജി കത്തയക്കാതെയായി.
- ഒരു വർഷത്തിന് ശേഷം അയാളുടെ കത്ത് വന്നു.
- അഹ്റോണിനെ മറന്നിട്ടില്ലെന്നും നാഗാർജ്ജുനഗൊണ്ടയിലേക്ക് പോകുകയാണെന്നും കത്തിൽ അറിയിച്ചു.
- അങ്ങനെ അഹ്റോൺ ഇന്ത്യയിൽ നിന്ന് അവിടേക്കെത്തി.
- അടുത്ത സുഹൃത്തുകളോട് പോലും പറയാതെ അയാൾ മറ്റെങ്ങോട്ടോ പോയെന്നറിഞ്ഞു.
- അവൾ തിരികെ ബോംബെയിലെത്തി. സലീൽ നിത്യ സന്ദർശകനായിരുന്ന ഇടങ്ങളിലൊക്കെ തിരഞ്ഞു അയാളെ കണ്ടില്ല.
- നാല് മാസം മുമ്പ് ജെ ജെ സ്കൂൾ ഓഫ് ആർട്സിന്റെ തൊട്ടടുത്തുള്ള ഒരു വീട്ടിൽ വച്ച് സലീലിന്റെ വിവാഹം നടന്നതായി അറിഞ്ഞു.

- ഇതെല്ലാം ലേഖകൻ അന്വേഷിച്ചറിഞ്ഞു എങ്കിലും അവളെ ആശ്വസിപ്പിക്കാനോ മരണചിന്തയിൽ നിന്ന് പിന്തിരിപ്പിക്കാനോ ശ്രമിച്ചില്ല.
- കുറച്ച് സമയം മാത്രം പരിചയമുള്ള ഒരാളുടെ സ്വകാര്യതയിൽ താനെന്തിന് കടന്ന് ചെല്ലണം എന്നയാൾ കരുതി.
- ഒരു പത്രപ്രവർത്തകനായിരുന്നിട്ടും ലേഖകൻ അങ്ങനെയാണ് ചിന്തിച്ചത്.
- അങ്ങനെ മരണത്തോട് മുഖാമുഖം നിൽക്കുന്ന യുവതിയെ തനിച്ചാക്കി അയാൾ നാട്ടിലേക്ക് പോയി.
- മൂന്നാം ദിവസം മദിരാശിയിലെ അശോക ഹോട്ടലിൽ ഇരുന്ന് ഇന്ത്യൻ എക്സ്പ്രസ് വായിച്ചപ്പോൾ ഒരു വാർത്ത കണ്ടു.
- ജൂഹുവിലെ കടലിൽ ചാടി അഹ്റോൺ ആത്മഹത്യ ചെയ്തിരിക്കുന്നു.
- അവളെ രക്ഷിക്കാൻ തനിക്ക് കഴിയുമായിരുന്നോ എന്ന ചോദ്യത്തിനുത്തരം കണ്ടെത്താൻ ലേഖകന് സാധിച്ചില്ല.

…………………………………………………………………………………..

…………………………………………………………………………………..

## 10.പാവക്കുട്ടി

### കമലാ സുരയ്യ

- മാധവിക്കുട്ടിയുടെ “ വർഷങ്ങൾക്ക് മുമ്പ്” എന്ന കൃതിയിലെ ഒരധ്യായമാണ് പാവക്കുട്ടി .
- മലയാളത്തിലും ഇംഗ്ലീഷിലും ധാരാളം കൃതികൾ മാധവിക്കുട്ടി എഴുതിയിട്ടുണ്ട്.
- കമലാദാസ് എന്ന പേരിൽ ആണ് ഇംഗ്ലീഷിൽ എഴുതാൻ ഉപയോഗിച്ചത്.
- ഇസ്ലാം മതം സ്വീകരിച്ചതിലൂടെ കമല സുരയ്യ എന്ന പേര് സ്വീകരിച്ചു.
- പതിനഞ്ച് ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ഇവരുടെ കൃതിയാണ്” എന്റെ കഥ”.



- സ്വത്വം മറച്ച് വക്കാതെയാണ് മാധവിക്കുട്ടി എഴുതിയത്.
- ഗൃഹാതുരമായ ഓർമ്മകളിൽ മുഴുകി എഴുതുന്നത് മാധവിക്കുട്ടിയുടെ പ്രത്യേകതയാണ്.
- തന്റെ ബാല്യത്തിൽ ഉണ്ടായ ഒരു ഓർമ്മയാണ് പാവക്കുട്ടിയിൽ പറയുന്നത്.
- നാലപ്പാട്ട് തറവാട്ടിലാണ് മാധവിക്കുട്ടിയും അമ്മയും ഇവരുടെ സഹായികളായ ദേവിക ശങ്കരൻ തുടങ്ങിയവരും താമസിച്ചത്.

- കൽക്കത്തയിൽ ആയിരുന്നു കമലയുടെ അച്ഛന് ജോലി. അമ്മയും അവിടെയാണ്.
- ഒരു ജൻമദിനത്തിന് സമ്മാനമായി അഛൻ സ്വർണത്തലമുടിയുള്ള പാവക്കുട്ടിയെ കൊണ്ടുവന്നു.
- കമല അതിന് മമ്മ എന്ന് പേരിട്ടു. അവളുടെ ഏക കൂട്ടുകാരിയായി മമ്മ മാറി.
- ഇരിപ്പും കിടപ്പും നടപ്പും എല്ലാം മമ്മക്കൊപ്പം ആയി..
- ആശ്രിതർക്ക് താങ്ങായി നിന്ന തറവാടാണ് നാലപ്പാട്ട്.
- ആവശ്യവുമായി ആര് വന്നാലും വെറും കയ്യോടെ മടക്കി അയക്കാറില്ല.
- ചില സ്ത്രീകൾക്കൊപ്പം അവിടേക്ക് അഞ്ച് വയസ്സുള്ള ഒരു പെൺകുട്ടി വന്നു.
- ആ കുട്ടിയെ കമലക്ക് തീരെ ഇഷ്ടമായില്ല.
- അമ്മമ്മ ആ കുട്ടിക്കൊപ്പം കളിക്കാൻ പറഞ്ഞു.
- അനുസരണയുള്ളവൾ ആയതിനാൽ ആ കുട്ടിയെ കൂട്ടി മുകളിലെ വടക്കേ അറയിലേക്ക് കളിക്കാൻ പോയി.
- പ്രേമ എന്നാണ് ആ കുട്ടിയുടെ പേരെന്ന് ചോദിച്ചറിഞ്ഞു.
- തന്റെ പാവയെ എടുത്ത് പ്രേമ ഓമനിക്കുന്നത് കമലക്ക് തീരെ ഇഷ്ടമായില്ല. പാവയെ അവൾ തിരിച്ച് തരുന്ന ഭാവവും ഇല്ല.
- അവർ തിരിച്ച് പോകുന്ന സമയത്ത് കമല പാവയെ ബലമായി വാങ്ങാൻ ശ്രമിച്ചു.
- പ്രേമപാവ വേണമെന്ന് പറഞ്ഞ് ഉറക്കെ കരയാൻ തുടങ്ങി.
- അമ്മമ്മ കമലക്ക് പുതിയ പാവയെ കൽക്കത്തയിൽ നിന്ന് വരുത്താം ഇത് അവൾക്ക് കൊടുത്തേക്കൂ എന്ന് പറഞ്ഞു.
- കമല നല്ല കുട്ടിയാണെന്നും സ്വാർത്ഥത കാണിക്കാൻ പാടില്ലെന്നും അമ്മമ്മ പറഞ്ഞു.
- ദേവകി കമലയുടെ ഭാഗം പിടിച്ച് പാവയെ തിരികെ കിട്ടാനായി ശ്രമം നടത്തി.
- ശങ്കരനും അവിടേക്ക് വന്ന് കമലക്ക് വേണ്ടി വാദിച്ചു.

- പാവയില്ലെങ്കിലും കമലക്ക് ഒരു നഷ്ടവും ഉണ്ടാകില്ല. എല്ലാം വേണമെന്ന വാശി കുട്ടികൾക്ക് നന്നല്ല. എന്നൊക്കെ അമ്മമ്മ ഉപദേശം തുടർന്നു.
- അമ്മമ്മയെ എതിർക്കാൻ കമലക്ക് കഴിയില്ല. അന്ന് രാത്രി അവൾക്ക് ഉറക്കം വന്നില്ല.
- മമ്മ എന്നെ ഓർത്ത് കരയുന്നുണ്ടാകും.
- പാവക്ക് ജീവനില്ലെങ്കിലും തനിക്ക് ജീവനുള്ളതിനാൽ ഞാൻ വിഷമിക്കുന്നു എന്ന് കമല പറഞ്ഞു.
- ഒന്നിലും ആസക്തിയോ അമിത സ്നേഹമോ പാടില്ലെന്നും മനസിനെ നിയന്ത്രിക്കാൻ പഠിക്കണമെന്നും അല്ലെങ്കിൽ ദു:ഖം ഉണ്ടാകുമെന്നും അമ്മമ്മ  പറഞ്ഞു.
- സഹകരണവും സഹായ മന:സ്ഥിതിയും തലമുറകളിൽ വളർത്തിയെടുക്കുക എന്ന വലിയ ഉത്തരവാദിത്തമാണ് അമ്മമ്മയിൽ നാം കാണുന്നത്.

………………………………………………………………………………………
………………………………………………………………………………………